# മലർവാടി

കുട്ടികളുടെ ദ്വൈവാരിക

1 നവംബർ 2019, പുസ്തകം 39, ലക്കം 25




പ്രശസ്ത കവി. കാവൽക്കാരന്റെ പാട്ട്, കാശിക്ക് പോയത് തുടങ്ങിയ കവിതാ സമാഹാരങ്ങൾ, ആകാശക്കുട, മഞ്ഞക്കിളികൾ മുതലായ കവിതാ സമാഹാരങ്ങൾ, കേരള സാഹിത്യ അക്കാദമി അവാർഡ്, സംസ്ഥാന ബാലസാഹിത്യ അവാർഡ്, സംഗീത നാടക അക്കാദമി അവാർഡ്, ഇടശ്ശേരി അവാർഡ് എന്നിങ്ങനെ ഒട്ടനവധി പുരസ്കാരങ്ങൾ....

നവംബർ 14
ശിശുദിനം

# ചാച്ചാജിയെ ഓർക്കുമ്പോൾ

• പി. പി ശ്രീധരനുണ്ണി




കുഞ്ഞുങ്ങളെ ഏറ്റവും അധികം സ്നേഹിച്ച ഒരു മഹാന്റെ ജന്മദിനമാണ് ശിശുദിനം എന്ന് എല്ലാവർക്കും അറിയാം. അതെ, നവംബർ 14 ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനം. അദ്ദേഹം ഭാരതത്തിന്റെ പ്രധാനമന്ത്രിയായിരുന്നു. രാഷ്ട്രശിൽപിയായ പ്രധാനമന്ത്രി. ഇന്ത്യയെ പുരോഗതിയുടെ പാതയിലേക്ക് നയിച്ച പ്രധാനമന്ത്രി. നവഭാരത ശിൽപി എന്ന് പറയുന്നതാവും കൂടുതൽ ഉചിതം. ക്രാന്തദർശിയായ ചരിത്രകാരൻ, മഹാത്മാ ഗാന്ധിയുടെ ഉത്തമ ശിഷ്യൻ എന്നിങ്ങനെ അദ്ദേഹത്തിന്റെ വിശേഷണങ്ങൾ ഒട്ടനവധിയാണ്.

കുഞ്ഞുങ്ങളുടെ മനസ്സ് കണ്ടറിഞ്ഞ ആ മഹാന്റെ


Editor **T.K. Ubaid** Executive Editor **P.A. Nazimudeen** • Sub Editor **Mehd Maqbool**
Layout & Graphics **Alikoya** • Technical Support **Fahis Ali**
Cover **Fasal Edavanakad** • e-mail malarvadimag@gmail.com | **www.malarvadi.net**
Circulation Phone 0495 2732555 • Manager Tele 0495 2730073 • e-mail managerprabodhanamclt@gmail.com

ജന്മദിനം ശിശുദിനമായി ആഘോഷിക്കുന്നത് ഉചിതം തന്നെ. അദ്ദേഹത്തെ ഓർത്തുകൊണ്ട് കുട്ടികൾ അനുഷ്ഠിക്കേണ്ട ചില കടമകളുണ്ട്. അനുസരിക്കേണ്ട ചില ധർമങ്ങളുണ്ട്. അതിൽ പ്രധാനം അറിവ് ആർജിക്കുക എന്നതു തന്നെയാണ്. ഗുരുനാഥരിൽനിന്ന്, പ്രകൃതിയിൽനിന്ന്, സമൂഹത്തിൽനിന്ന്, കുടുംബത്തിൽനിന്ന്, അമ്മയിൽനിന്ന്, അച്ഛനിൽ നിന്ന്. അതിനെയാണ് അനുഭവപാഠം എന്ന് വിളിക്കുന്നത്. അത്തരം പാഠങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുക. അങ്ങനെ സൽസ്വഭാവങ്ങൾ നിറഞ്ഞ തലമുറയുടെ കണ്ണികളായി മാറുക.

കുട്ടികൾ ഭാവിയുടെ സ്രഷ്ടാക്കളാണ് എന്നതത്രെ മറ്റൊരു ശിശുദിനസന്ദേശം. ഇന്ത്യയെ കണ്ടെത്തിയ മഹാൻ അവർക്ക് നൽകിയ ഉപദേശം, ഭാരതത്തിന്റെ വികാസം ശാസ്ത്ര ചിന്തയിലൂടെ സാധിക്കണം എന്നതാണ്. ശാസ്ത്രത്തിന്റെ അടിത്തറയിലാണ് ഭാവി കെട്ടിപ്പടുക്കേണ്ടത്. ശാസ്ത്ര വീക്ഷണമുണ്ടാകുമ്പോൾ അനാചാരങ്ങൾ അകലും. പുതിയ പുതിയ ശാസ്ത്ര സത്യങ്ങളിലേക്ക് പുതുതലമുറ മാറും. പുതിയ വിദ്യാഭ്യാസക്രമം അതിന് സഹായകമാകുന്നു. പ്രാകൃത മനുഷ്യൻ, ഇന്നത്തെ നിലയിലേക്ക് വളർന്ന് ലോകം കീഴടക്കിയത് വിദ്യാഭ്യാസത്തിൽ കൂടിയാണ്. 'ഇന്ത്യയെ കണ്ടെത്തൽ' എന്ന ഗ്രന്ഥ




▸▸ കേരള സംസ്ഥാനം നിലവിൽ വന്നത്– 1956 നവംബർ 1

ത്തിൽ നെഹ്റു ആ
വികാസത്തിന്റെ കഥ
ഹൃദ്യമായി ആവിഷ്ക
രിക്കുന്നുണ്ട്. അതൊരു
ചരിത്ര ഗ്രന്ഥം മാത്ര
മല്ല, ഒരു സാംസ്കാരിക
വിജ്ഞാനകോശം കൂടി
യാണ്.

വിദേശാധിപത്യത്തി
ന്റെ കീഴിൽ അകപ്പെട്ട്
അവസാനം സ്വാതന്ത്ര്യ
ത്തിന്റെ സുവർണ്ണദശയി
ലേക്ക് നമ്മുടെ രാജ്യം
പ്രവേശിച്ച കഥ ആ
ഗ്രന്ഥത്തിൽ അതിമനോ
ഹരമായി പറയുന്നു.
അതുപോലെത്തന്നെ
കുട്ടികൾ അവശ്യം വാ
യിച്ചിരിക്കേണ്ട ഗ്രന്ഥ
മാണ് 'ഒരച്ഛൻ മകൾ
ക്കയച്ച കത്തുകൾ.'
അത് നെഹ്റു തന്റെ
മകളായ ഇന്ദിരഗാന്ധി
ക്കയച്ച കത്തുകളുടെ
രൂപത്തിലാണ്. അതിലും
നമ്മുടെ സാംസ്ക്കാരിക
ചരിത്രം ഹൃദ്യമായി
ആവിഷ്കരിക്കുന്നുണ്ട്.
നെഹ്റുവിന്റെ 'വിശ്വച
രിത്രാവലോകനം' എന്ന
ഗ്രന്ഥമാകട്ടെ ലോക
ചരിത്രത്തിലേക്കുള്ള
തീർത്ഥയാത്രയാണ്.

അങ്ങനെ ഭരണാധികാ
രി മാത്രമായിട്ടല്ല ജവ
ഹർലാൽ ശോഭിച്ചത്.
ചരിത്രവും സാമൂഹ്യ
ശാസ്ത്രവും ഭരണത
ന്ത്രജ്ഞതയും അവിടെ
കൈകോർത്തു.

വയലേലകളെ
അറിഞ്ഞ ഭരണാധികാരി.
യന്ത്രങ്ങളെയും അണ
ക്കെട്ടുകളെയും പ
റ്റി മനസ്സിലാക്കിയ
ചിന്തകൻ. അദ്ദേഹമാണ്
കുട്ടികളുടെ ചാച്ചാജി.

നമുക്ക് അവകാശങ്ങ
ളുണ്ട്. അതിനൊപ്പം
ഉത്തരവാദിത്വങ്ങളും.
അതിനെക്കുറിച്ച് അറി
യണം. പഠിക്കണം.
അപ്പോഴേ നാം വളർന്നു
എന്ന് പറയാനാവൂ. കുട്ടി
കൾ നാളെയുടെ നാമ്പു
കളാണ്. നാളെ നാടിനെ
നയിക്കേണ്ടവരാണ്.

സ്നേഹത്തിന്റെ
നിറകുടമായ ചാച്ചാജി
നൽകുന്ന ഉപദേശം
അതാണ്. അതാണ് ശി
ശുദിനത്തിന്റെ സന്ദേശം.

◆



## യുദ്ധവീരൻ ഉറുമ്പ്

ഉറുമ്പുകളുടെ കൂട്ട
ത്തിൽ യുദ്ധത്തിനായി
ഒരു സൈന്യം തന്നെ
യുണ്ട്. പോരാളി വീരൻ
മാരടങ്ങുന്ന ഒരു ഉറുമ്പു
സൈന്യം. ഭയപ്പെടേണ്ട
വർഗ്ഗം തന്നെയാണിത്.
കനത്ത നാശനഷ്ടങ്ങൾ
വരുത്തും.

ആഫ്രിക്കയിലേയും
ദക്ഷിണാഫ്രിക്കയിലേ
യും ഉഷ്ണമേഖലാ
വനങ്ങളിലുമുള്ള ചില
ഉറുമ്പ് വർഗങ്ങളിലെ
യുദ്ധവീരർ ഇവ
പട്ടാളച്ചിട്ടയോടെ രാത്രി
കാലങ്ങളിൽ അണിയ
ണിയായി നീങ്ങും.
വഴിയിൽ കാണുന്ന
സർവ്വ ജീവികളെയും
കൊന്ന് ശാപ്പിട്ടാണ്
ഇവയുടെ കവാത്ത്.
അസുഖം പിടിച്ചോ
മുറിവേറ്റോ കിടക്കുന്ന
വലിയ മൃഗങ്ങൾക്കു
പോലും രക്ഷയില്ല.
ലക്ഷക്കണക്കിന് വരുന്ന
ഈ ഉറുമ്പു സൈന്യ
ങ്ങൾ അവയേയും
തിന്നുക ളയും. കുതറി
രക്ഷപ്പെടാൻ
ശ്രമിക്കുന്തോറും
ഇവയുടെ ആക്രമണം
രൂക്ഷമാകുന്നു.

▸▸ കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രി– ഇ.എം.എസ് നമ്പൂതിരിപ്പാട്